**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6655** **21-03-2023 - ൽ മറുപടിയ്ക്ക്**

**തുരുത്തിമുക്ക് പാലത്തിന് അധിക ഫണ്ട് അനുവദിക്കാനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തുരുത്തിമുക്ക് പാലം നിർമ്മാണത്തിൽ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റിവ് സൊസൈറ്റി അധിക നിരക്ക് ആവശ്യപ്പെട്ടതനുസരിച്ച് അധികനിരക്ക് ശിപാർശ ചെയ്തുകൊണ്ട് കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കേരള റോഡ് ഫണ്ട് ബോർഡ് നൽകിയ കത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 12.01.2023 ൽ കിഫ്ബി നടത്തിയ നാദാപുരം മണ്ഡലത്തിന്റെ അവലോകന യോഗത്തിൽ കിഫ്ബി പ്രവൃത്തികൾക്ക് ഒന്നുംതന്നെ price escalation അനുവദനീയമല്ലെന്നും നിലവിലുള്ള കരാർ വ്യവസ്ഥകൾ അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും കെ.ആർ.എഫ്.ബി. - യെ അറിയിച്ചതിനെ തുടർന്ന് 13/03/2023 ൽ കിഫ്ബി പ്രതിനിധികൾ, KRFB എഞ്ചിനീയർമാർ, ULCCS പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പ്രസ്തുത പ്രവൃത്തി അവസാനിപ്പിക്കുന്നതിനും, ബാക്കിയുള്ള പ്രവൃത്തി ടെണ്ടർ ചെയ്യണമെന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 13.03.2023 ലെ PDKRFB-KNR016(68B)/1/2022/T2 നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തി നിലവിലെ സ്ഥിതിയിൽ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അവസാനിപ്പിച്ച പ്രവൃത്തിയുടെ ഫൈനൽ ബിൽ, ബാലൻസ് ഷെഡ്യൂൾ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. - പി.എം.യു കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാക്കി ശേഷിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | അധികനിരക്ക് അനുവദിക്കാതെ പ്രവൃത്തി തുടരാൻ സാധിക്കില്ല എന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റിവ് സൊസൈറ്റി നിലപാടെടുത്ത സാഹചര്യത്തിൽ പാലം പണി പൂർത്തിയാക്കുന്നതിന് മറ്റ് സാധ്യതകൾ തേടുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ